ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്	-	6
ഡി.ഐ.ജി.	-	11
എസ്.പി./കമാന്റന്റ്	-	56
ഡിവൈ.എസ്.പി./എസ്.പി.എ.സി	-	225
സി.ഐ./ആർ.ഐ/എ.പി.ഐ./ഡബ്ല്യൂ.സി.ഐ.	-	448
എസ്.ഐ./എ.പി.എസ്.ഐ./ആർ.എസ്.ഐ./ ഡബ്ല്യൂ.എസ്.ഐ.	-	1592
എ.എസ്.ഐ./എ.പി.എ.എസ്.ഐ./ ആർ.എ.എസ്.ഐ., ഡബ്ല്യൂ.എ.എസ്.ഐ.	-	1607
ലോക്കൽ എസ്.സി./എ.ആർ.എസ്.സി./ ബറ്റാലിയൻ ഹവീൽദാർ/ഡബ്ല്യൂ.എഫ്.സി.	-	8237
ലോക്കൽ പി.സി./എ.ആർ.പി.സി./ബറ്റാലിയൻ പി.സി./ഡബ്ല്യൂ.പി.സി. ടെക്നിക്കൽ വിംഗ് (ടെലികമ്മ്യൂണിക്കേഷൻ ഉൾപ്പെടെ)	-	28667
എസ്.പി.	-	1
ഡിവൈ.എസ്.പി.	-	7
സി.ഐ.	-	34
എസ്.ഐ.	-	137
എ.എസ്.ഐ.	-	85
എച്ച്.സി.	-	372
പി.സി.	-	2908

60 (2370) പോലീസുകാരുടെ ഡ്യൂട്ടിഭാരം കുറയ്ക്കാൻ നടപടി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ ഡ്യൂട്ടിഭാരം എട്ടുമണിക്കൂറായി കുറയ്ക്കുന്നതു സംബന്ധിച്ച് സർക്കാർ എന്താണ് തീരുമാനം കൈക്കൊണ്ടത്;

(ബി) ഈ തീരുമാനപ്രകാരം സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളിൽ ഈ നിയമം പ്രാവർത്തികമാക്കിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) താലൂക്ക് ആസ്ഥാനങ്ങളിലുള്ള പോലീസ് സ്റ്റേഷനുകളിൽ ഈ നിയമം പ്രാവർത്തികമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) പോലീസുകാരുടെ ഡ്യൂട്ടിഭാരം എട്ടുമണിക്കൂറായി കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 72 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പോലീസ് കോൺസ്റ്റബിൾമാർക്കും ഹെഡ് കോൺസ്റ്റബിൾമാർക്കും 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത സമ്പ്രദായം നടപ്പാക്കിയിട്ടുള്ള പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷനുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും എട്ട് മണിക്കൂർ ജോലി സമ്പ്രദായം നടപ്പാക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

61 (2371) പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയിനിംഗ് കാലത്തെ സ്റ്റൈപെന്റ്

ശ്രീ. തീരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി തെരഞ്ഞെടുക്കപ്പെടുന്ന ആംഡ് പോലീസ് ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയിനിംഗ്കാലത്തെ സ്റ്റൈപെന്റ് എത്ര രൂപയാണ്;

(ബി) ഇപ്പോൾ നിലവിലുള്ള സ്റ്റൈപെന്റ് എന്നുമുതലാണ് അനുവദിച്ചിട്ടുള്ളത്;

(സി) നേരത്തെ ഇത് എത്ര രൂപയായിരുന്നു;

(ഡി) 1-3-1997-നുശേഷം പഴയ നിരക്കിലുള്ള സ്റ്റൈപെന്റോടുകൂടി ട്രെയിനിംഗ് പൂർത്തിയാക്കിയ പോലീസ് കോൺസ്റ്റബിൾമാർക്ക് സ്റ്റൈപെന്റ് കുടിശ്ശികയ്ക്ക് അർഹതയുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) 3050/- രൂപ.

(ബി) 1-3-97 മുതൽ.

(സി) 950/- രൂപ.

(ഡി) അർഹതയുണ്ട്.

(ഇ) സ്റ്റൈപെന്റ് കുടിശ്ശിക നൽകുവാൻ വേണ്ട നിടപടി സ്വീകരിച്ചു വരുന്നു.

62 (2372) പോലീസ് കോൺസ്റ്റബിൾമാരുടെ യൂണിഫോം അലവൻസ്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-11-1998-ലെ ശമ്പളപരിഷ്കരണ ഉത്തരവുപ്രകാരം സംസ്ഥാനത്തെ പോലീസ് കോൺസ്റ്റബിൾമാർക്ക് നൽകിവരുന്ന യൂണിഫോം അലവൻസ് എത്രയാണ്;

(ബി) സംസ്ഥാന പോലീസ് ക്യാമ്പിലെ ക്യാമ്പ് ഫോളോവർമാർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ടോ; എങ്കിൽ എത്രയാണ്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly